(ബി) ഇത്തരം സ്ഥാപനങ്ങൾക്കെതിരെ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക് ആക്റ്റ് ആന്റ് റൂൾസ് അനുസരിച്ച് നടപടി എടുത്തുവരുന്നു. 2003-2004 വർഷത്തിൽ 150 മെഡിക്കൽ ഷോപ്പുകളുടെ ലൈസൻസുകൾ സസ്പെൻഡു ചെയ്തിട്ടുണ്ട്. 10-ലധികം സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മരുന്ന് പരിശോധന സ്വകാര്യ ലബോറട്ടറികളെ ഏൽപ്പിക്കുന്ന നടപടി

158 [1737] ശ്രീ. ജോർജ്ജ് ജെ. മാത്യു:
" അടൂർ പ്രകാശ്:
" ടി. യു. രാധാകൃഷ്ണൻ:
" ഇ. എം. അഗസ്തി:
" കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ പരിശോധനയ്ക്ക് കിട്ടുന്ന അലോപ്പതി മരുന്നുകൾ സ്വകാര്യ ലബോറട്ടറികളിൽ കൊടുത്ത് പരിശോധിപ്പിക്കാറുണ്ടോ;

(ബി) എങ്കിൽ കഴിഞ്ഞ വർഷം എത്ര മരുന്നുകൾ സ്വകാര്യ ലബോറട്ടറികളിൽ പരിശോധിപ്പിച്ചു;

(സി) അതിനുവേണ്ടി എന്തു തുക ചെലവഴിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഇല്ല

(ബി ആന്റ് സി) ചോദ്യം ഉദിക്കുന്നില്ല

ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളും മരുന്ന് പരിശോധനയും

159 [1738] ശ്രീ. സി. പി. മുഹമ്മദ്:
" ടി. യു. രാധാകൃഷ്ണൻ:
" കെ. സി. വേണുഗോപാൽ:
" അടൂർ പ്രകാശ്:
" തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിമാസം എത്ര ബാച്ച് അലോപ്പതി മരുന്നുകൾ വിൽക്കപ്പെടുന്നതായാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്;

(ബി) ഈ മരുന്നുകൾ പരിശോധിച്ച് അവയുടെ ഗുണമേന്മ ഉറപ്പു വരുത്താറുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാന ഗവൺമെന്റ് ഉടമസ്ഥതയിൽ എത്ര ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളുണ്ട്;

(ഡി) ഇവിടെ എത്ര ബാച്ച് മരുന്നുകൾ പരിശോധിക്കുവാനുള്ള സൗകര്യമുണ്ട്;

(ഇ) റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികൾ സ്ഥാപിക്കാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ എവിടെയെല്ലാം എന്നത്തേയ്ക്ക് സ്ഥാപിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രതിമാസം എത്ര ബാച്ച് അലോപ്പതി മരുന്നുകൾ വിൽക്കപ്പെടുന്നു എന്നുള്ളതിന് കണക്കൊന്നുമില്ല. അത് തിട്ടപ്പെടുത്താൻ പ്രയാസമാണ്.

(ബി) ആശുപത്രികളിൽനിന്നും മരുന്നു കടകളിൽനിന്നും, നിർമ്മാണ ശാലകളിൽനിന്നും ഡ്രഗ്സ് ഇൻസ്പെക്ടർമാർ റാൻഡം സാമ്പിളുകൾ എടുത്ത് ഗുണനിലവാരം ഉറപ്പ് വരുത്തുന്നുണ്ട്. എന്നാൽ മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ കൂടി വിൽക്കപ്പെടുന്ന എല്ലാ മരുന്നുകളും ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നത് പ്രായോഗികമല്ല.

(സി) സംസ്ഥാന ഗവൺമെന്റ് ഉടമസ്ഥതയിൽ തിരുവനന്തപുരത്ത് ഒരു ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി മാത്രമാണുള്ളത്.

(ഡി) 3400 മുതൽ 3500 വരെ സാമ്പിളുകൾ ഒരു വർഷം പരിശോധിക്കുവാൻ സാധിക്കും.

(ഇ) എറണാകുളത്തും കോഴിക്കോട്ടും ഓരോ റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി സ്ഥാപിക്കാൻ ഉദ്ദേശ്യമുണ്ട്. ഇതിനായി കേന്ദ്ര സർക്കാരിന് പദ്ധതികൾ സമർപ്പിച്ചിരുന്നുവെങ്കിലും അവ അംഗീകരിക്കപ്പെട്ടിട്ടില്ല.

മന്തുരോഗ നിവാരണ പദ്ധതിയുടെ വിശദാംശങ്ങൾ

160 [1739] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 ജൂൺ 5-ാം തീയതി നടത്താൻ ഉദ്ദേശിച്ചിരുന്ന മന്തുരോഗ നിവാരണ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഒരു ഉത്തരേന്ത്യൻ സംസ്ഥാനത്തിൽ പ്രസ്തുത പരിപാടിയുമായി ബന്ധപ്പെട്ട് ഡി.ഇ.സി. (ഹൈഡ്രസാൻ) ഗുളിക കഴിച്ച് ആളുകൾ മരിച്ചതായി പത്രങ്ങൾ റിപ്പോർട്ട് ചെയ്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly